(ഡി) റിംഗ് റോഡിന്റെ പണി 2005 നവംബർ ഒന്നിനു മുമ്പ് പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) എരുമേലി റിംഗ് റോഡ് ഡിപ്പാർട്ടുമെന്റലായി നേരിട്ട് ചെയ്യുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി ആന്റ് ഡി) പണി ഡിപ്പാർട്ടുമെന്റലായി ചെയ്ത് അടുത്ത ശബരിമല സീസൺ ആരംഭിക്കുന്നതിന് മുമ്പ് റിംഗ് റോഡ് പൂർത്തിയാക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

അനന്തമൂർത്തി കമ്മീഷൻ റിപ്പോർട്ടിന്മേൽ നടപടി

74 [2964] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസത്തെ സംബന്ധിച്ച അനന്തമൂർത്തി കമ്മീഷൻ റിപ്പോർട്ട് എന്നാണ് സർക്കാരിന് സമർപ്പിച്ചത്;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) 28-5-2004-ന്.

(ബി) റിപ്പോർട്ട് പരിശോധനയിലാണ്.

ഡി. പി. ഇ. പി. പാഠ്യപദ്ധതി പുനഃപരിശോധിക്കാൻ സമിതി

75 [2965] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡി. പി. ഇ. പി.-യുടെ പശ്ചാത്തലത്തിൽ നടപ്പിലാക്കിയിരുന്ന പാഠ്യ പദ്ധതി പുനഃപരിശോധിക്കുന്നതിനായി വിദഗ്ദ്ധ സമിതിയെ നിയമിച്ചിരുന്നോ;

(ബി) എങ്കിൽ ഈ സമിതിയിൽ ആരൊക്കെ അംഗങ്ങളായിരുന്നു;

(സി) സമിതിയുടെ റിപ്പോർട്ടു ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിയമിച്ചിരുന്നു.

(ബി) ഈ സമിതിയിൽ താഴെപ്പറയുന്നവരാണ് ഉണ്ടായിരുന്നത്.

1. ഡോ. എ. സുകുമാരൻ നായർ, ചെയർമാൻ.

അംഗങ്ങൾ

2. ഡോ. കെ. സോമൻ
3. ഡോ. ശ്യാം മേനോൻ
4. ഡോ. കെ. ശിവദാസൻ പിള്ള
5. ഡോ. എം. എം. ബഷീർ
6. പ്രൊഫ. കെ. കുഞ്ഞുകൃഷ്ണൻ
7. ഡോ. ജോർജ് ഓണക്കൂർ
8. ഡോ. നന്ദിയോട് രാമചന്ദ്രൻ
9. ശ്രീ. വി. പി. വാസുദേവൻ
10. ഡോ. റ്റി. കെ. മുഹമ്മദ്
11. ഡോ. വേണുഗോപാൽ
12. സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ് (കൺവീനർ).

(സി) ലഭിച്ചിട്ടുണ്ട്.

പ്രീഡിഗ്രി വേർപ്പെടുത്തലും പുനർവിന്യാസവും

76 [2966] ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീഡിഗ്രി കോളേജുകളിൽ നിന്ന് വേർപ്പെടുത്തി ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിനുകീഴിൽ സ്കൂളുകളിലേക്ക് മാറ്റിയതിനെത്തുടർന്നുണ്ടായ സാഹചര്യങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രീഡിഗ്രി വേർപ്പെടുത്തുന്നതിന് മുമ്പ് സംസ്ഥാനത്തെ കോളേജ് അദ്ധ്യാപകരുടേയും യൂണിവേഴ്സിറ്റി ജീവനക്കാരുടേയും എണ്ണം എത്രയാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly